**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4149** **03-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവീസ് സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിന് ശേഷം പൊതുസർവീസിലെ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകളിലെ എത്ര ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ പൊതുസർവീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിന് ശേഷം പൊതു സർവ്വീസിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട പഞ്ചായത്തിലെ **41** ജീവനക്കാർക്കും, ബ്ലോക്ക് പഞ്ചായത്തിലെ **11** ജീവനക്കാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരായി പ്രമോഷൻ നൽകിയിട്ടുണ്ട്.<br><br>നഗരസഭകളിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല. |
| (ബി) | തദ്ദേശ സ്വയംഭരണ പൊതുസർവീസ് സ്പെഷ്യൽ റൂൾ പ്രകാരം നഗരസഭയിലെ എത്ര ശതമാനം ജീവനക്കാർക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരായി പ്രൊമോഷൻ നൽകുന്നതെന്നും ഇത്തരത്തിൽ പ്രൊമോഷൻ നൽകിയവരുടെ വിശദ വിവരവും ലഭ്യമാക്കാമോ? | (ബി) | ശതമാനം നിശ്ചയിച്ചിട്ടില്ല. ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ